# ഏറെ വ്യക്തമായ വഴി

പ്രാർഥനയിൽ ആമഗ്നനായിരുന്ന ഒരു യേശുഭക്തൻ അവിടുത്തോടു ചോദിച്ചു: ‘‘നാഥാ, കാറ്റും കോളും നിറഞ്ഞ ഈ ജീവിതസാഗരത്തിൽ ഏതു നൗകയിൽ കയറിയാണ് ഞാൻ നിത്യതയുടെ മറുകരയിലെത്തേണ്ടത്?’’

അപ്പോൾ യേശു പറഞ്ഞു: ‘‘കുരിശാകുന്ന നൗകയിൽ.’’ കുരിശിനെക്കുറിച്ചു കേട്ടപ്പോൾ ഭക്തന്റെ മുഖം വാടി. അല്പസമയത്തെ നിശ്ശബ്ദതയ്ക്കുശേഷം ഭക്തൻ വീണ്ടും ചോദിച്ചു: ‘‘നാഥാ, സ്വർഗത്തിലേക്കു കയറിവരാൻ ഞാൻ അഗ്രഹിക്കുന്നു. ഏതു ഗോവണിപ്പടികളിലൂടെയാണു ഞാൻ സ്വർഗത്തിലേക്കു കയറേണ്ടത്?’’

അപ്പോഴും യേശു പ്രതിവചിച്ചു: ‘‘കുരിശാകുന്ന ഗോവണിപ്പടികളിലൂടെ.’’ വീണ്ടും കുരിശിനെക്കുറിച്ചു കേട്ടപ്പോൾ ഭക്തനു ദുഃഖം തോന്നി. എങ്കിലും മനസുമടുക്കാതെ ഭക്തൻ വീണ്ടും ചോദിച്ചു: ‘‘പറുദീസയിലേക്കു കടന്നുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതു താക്കോലാണ് പറുദീസയുടെ കവാടം എനിക്കു തുറന്നു തരിക?’’

യേശു പറഞ്ഞു: ‘‘കുരിശാകുന്ന താക്കോൽ.’’

യേശുവിന്റെ മൂന്നാമത്തെ ഈ മറുപടിയും കേട്ടപ്പോൾ ഭക്തനു കുരിശിന്റെയും സഹനത്തിന്റെയും മഹിമ തീർച്ചയായും ബോധ്യപ്പെട്ടിട്ടുണ്ടാകണം. കാരണം, കുരിശിലൂടെ വിജയം നേടിയ യേശുതന്നെയാണല്ലോ കുരിശിന്റെ മഹിമയെ അനുസ്മരിപ്പിക്കുന്ന മറുപടികൾ നൽകിയത്.

യേശു സ്വന്തം സഹനത്തിലൂടെയും മരണത്തിലൂടെയും നേടിയ ലോകരക്ഷയുടെ പശ്ചാത്തലത്തിൽ നമ്മുടെ ജീവിതത്തിലെ സഹനത്തിനും അർഥമുണ്ടെന്ന് നമുക്കറിയാം. എന്നാൽ, സഹനത്തിന്റെ തീച്ചൂളയിലേക്കു നാം എറിയപ്പെടുമ്പോൾ കുരിശല്ലാത്ത വഴിയുണ്ടോ എന്നു നാം ആരായാറില്ലേ?

കാറ്റും കോളും നിറഞ്ഞ ജീവിതസാഗരത്തിലൂടെ നിത്യതയുടെ മറുകരയിലെത്തുവാൻ കുരിശാകുന്ന നൗകയിൽ കയറണമെന്ന് യേശു തന്റെ ഭക്തനോടു പറഞ്ഞപ്പോൾ ആ ഭക്തൻ രണ്ടാമത് ഒരു ചോദ്യം ചോദിച്ചില്ലേ? ആ ചോദ്യം ഒന്നാമത്തെ ചോദ്യത്തിൽനിന്നു വിഭിന്നമായിരുന്നോ? കുരിശല്ലാതെ വേറെ വഴിയുണ്ടോ എന്ന അന്വേഷണമായിരുന്നില്ലേ അത്? അതുപോലെ മൂന്നാമത്തെ ചോദ്യവും ആദ്യത്തെ രണ്ടെണ്ണത്തിൽനിന്ന് വിഭിന്നമായിരുന്നില്ല.

നമ്മുടെ കാര്യവും ഈ ഭക്തന്റേതുപോലെയാകാനാണ് ഏറെ സാധ്യത. കുരിശിന്റെയും സഹനത്തിന്റെയും മഹിമ നമുക്കറിയാം. അവയുടെ രക്ഷണീയ സ്വഭാവവും നമുക്കറിയാം. എന്നിരുന്നാലും കുരിശല്ലാതെ വേറെ വഴിയുണ്ടോ എന്നു നമ്മുടെ മനുഷ്യപ്രകൃതി സ്വാഭാവികമായും അന്വേഷിച്ചു പോകുന്നു.

ഈ അന്വേഷണത്തിന് ആർക്കും നമ്മെ കുറ്റം പറയാനാവില്ല. എന്നാൽ, നമ്മുടെ ചോദ്യത്തിനുള്ള ഉത്തരം ഏറെ വ്യക്തമാണെന്ന് യേശുവിന്റെ പീഡാനുഭവം നമ്മെ അനുസ്മരിപ്പിക്കുമ്പോൾ, പിന്നെ ആ വഴിയേ എങ്ങനെ വിജയപൂർവം കടന്നുപോകാൻ സാധിക്കുമെന്ന് അന്വേഷിക്കുന്നതാവില്ലേ ഉചിതം?

ലോകരക്ഷയ്ക്കുവേണ്ടി സഹനത്തിന്റെ വഴിയാണു പിതാവായ ദൈവം യേശുവിന് കാണിച്ചുകൊടുത്തത്. തന്റെ സഹനം പിതാവായ ദൈവത്തിന്റെ അനന്തപരിപാലന അനുസരിച്ചുള്ളതാണെന്ന് അറിയാമായിരുന്നിട്ടും യേശു പ്രാർഥിച്ചുപോയി: ‘‘പിതാവേ, കഴിയുമെങ്കിൽ ഈ കാസ എന്നിൽനിന്നു മാറ്റിത്തരണമേ.’’ പക്ഷേ, ഈ പ്രാർഥനയോടൊപ്പം അവിടുന്നു മറ്റൊന്നു കൂട്ടിച്ചേർത്തു: ‘‘എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ അഭീഷ്ടം നിറവേറട്ടെ.’’

കുരിശിന്റെയും സഹനത്തിന്റെയും വഴി വിജയപൂർവം തരണം ചെയ്യണമെങ്കിൽ നാം ആദ്യം ചെയ്യേണ്ടത്

യേശു പ്രാർഥിച്ചതുപോലെ പ്രാർഥിക്കുകയാണ്. നമ്മുടെ കുരിശുകൾ മാറ്റിത്തരണമെന്ന് ദൈവത്തോടു ഹൃദയം തുറന്നു പ്രാർഥിക്കുന്നതിൽ ഒരു അപാകതയുമില്ല. എന്നാൽ ആ പ്രാർഥനയോടൊപ്പം ''എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറട്ടെ'' എന്നു കൂട്ടിച്ചേർക്കുവാൻ നാം മറന്നുപോകരുത്.

പിതാവായ ദൈവം എപ്പോഴും തന്റെ കൂടെയുണ്ട് എന്ന സുദൃഢവിശ്വാസമായിരുന്നു അതികഠിനമായ വേദനയുടെ നിമിഷങ്ങളിലും പതറാതെ മുന്നോട്ടുപോകാൻ യേശുവിനു ശക്തിനല്കിയത്. യേശുവിന്റെ ഈ മാതൃക സ്വീകരിച്ചാൽ നമ്മുടെ വേദനയുടെ നിമിഷങ്ങൾ നാം വിജയപൂർവം തരണം ചെയ്യും.

വേദനയുടെയും ദുഃഖത്തിന്റെയും വഴിയിലൂടെയാണു നമ്മുടെ യാത്രയെങ്കിൽ ഈ വഴിയിൽ നാം തനിച്ചല്ല എന്നത് എപ്പോഴും നമുക്കോർമിക്കാം. ദൈവപുത്രനായ യേശു കടന്നുപോയ വഴിയാണു നമ്മുടേത്.

ഈ വഴിയുടെ ആരംഭം മുതൽ അവസാനം വരെ അവിടുത്തെ സാന്നിധ്യവും സഹായവും നമുക്കുണ്ടെന്നതു നാം മറക്കേണ്ട.

അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നമ്മെ ആശ്വസിപ്പിക്കാൻ നമ്മുടെ വഴിയിൽ അവിടുന്നു കാത്തുനിൽപ്പുണ്ട്. അതുപോലെ നമ്മുടെ ജീവിതയാത്രയിൽ വേദനമൂലം നാം തളർന്നവശരാകുമ്പോൾ നമുക്കു ശക്തി നല്കാനും അതു സമൃദ്ധിയായി നൽകാനും അവിടുന്ന് ഓടിയെത്താറുണ്ട്. പക്ഷേ, ചിന്തയും ശ്രദ്ധയും മുഴുവനും നമ്മുടെ ദുരിതത്തിലും വേദനയിലും മാത്രമാണെങ്കിൽ ഒരുപക്ഷേ, നമ്മെ കാത്തുനിൽക്കുന്ന യേശുവിനെ കുരിശിന്റെ വഴിയിൽ കണ്ടുമുട്ടിയില്ലെന്നിരിക്കും.

നമ്മേപ്പോലെ ഭാരം ചുമക്കുന്നവരും സഹിക്കുന്നവരുമായ ഒട്ടേറെപ്പേർ നാം കടന്നുപോകുന്ന വഴിയിലുണ്ട്. അവരുടെ ദുഃഖവും സഹനവുമൊക്കെ നമ്മുടെ സഹനവും ദുഃഖവുമായി കാണാനും അവരെ സഹായിക്കാനും നമുക്കു സാധിക്കണം. അപ്പോൾ നമ്മെ സഹായിക്കാൻ സന്നദ്ധനായി നിൽക്കുന്ന യേശുവിനെ നാം വേഗം തിരിച്ചറിയും; അവിടുത്തെ ദിവ്യസഹായം എത്രയും വേഗം നമുക്കു ലഭ്യമാകും.

നമ്മുടെ കുരിശു ചുമക്കാൻ യേശുവിന്റെ സഹായം നമുക്കുണ്ടെങ്കിൽ അത് ഏറെ ലഘുവായിരിക്കും എന്നതിൽ സംശയംവേണ്ട. അതുകൊണ്ട് യേശുവിന്റെ സഹായം തേടുന്നതിന് എപ്പോഴും നമുക്കോർമിക്കാം